## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദിവാസി കുടുംബങ്ങൾക്ക് ഭൂമിവിതരണം

1 [58] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *എൻ. രാജൻ:*

" *എം. കുമാരൻ:*

" *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ഭൂമി വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) മറയൂരിൽ ഉൾപ്പെടെ സർക്കാർ വിതരണം ചെയ്ത ഭൂമിയിൽ ആദിവാസി കുടുംബങ്ങൾക്ക് താമസിക്കുവാൻ കഴിയുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലും വിതരണം ചെയ്ത ഭൂമിയുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ആദിവാസി കുടുംബങ്ങൾക്ക് വനഭൂമി നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിനായി എത്ര ഹെക്ടർ ഭൂമി വിട്ടുകിട്ടി എന്നും വ്യക്തമാക്കുമോ;

(ഇ) ആദിവാസി സംഘടനകളുമായി സർക്കാർതലത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്ര ഒത്തുതീർപ്പുകരാറുകളും ധാരണകളും ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ എത്രമാത്രം നടപ്പിലായി എന്ന് വിലയിരുത്തിയിട്ടുണ്ടോ?

*ഉത്തരം*

(എ) ഉണ്ട്. ഭൂലഭ്യതയുടെ കുറവും ഭൂരഹിതരുടെ ആധിക്യവുമാണ് പ്രധാന കാരണങ്ങൾ. എന്നാൽ ലഭ്യമായ ഭൂമി ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. ചില പ്രദേശങ്ങളിൽ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയിൽ അടിസ്ഥാനസൗകര്യങ്ങൾ പൂർത്തിയായിവരുന്നതേയുള്ളൂ. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് ആദിവാസികൾക്ക് ഇവിടെ താമസിക്കാനാവും.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3253 കുടുംബങ്ങൾക്ക് 5398.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്. ചില നിബന്ധനകൾക്കു വിധേയമായി 76932257 ഹെക്ടർ വന ഭൂമി വിട്ടുകിട്ടുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ സുപ്രീം കോടതിയിൽ നില വിലുള്ള കേസിന്റെ അന്തിമവിധി വന്നതിനുശേഷമേ ഇതു സംബന്ധിച്ച് അനന്തര നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(ഇ) ആദിവാസി സംഘടനകളുമായി സർക്കാർതലത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ പല ഘട്ടങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. ചർച്ചകളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങളും അവയിൻമേൽ സ്വീകരിച്ച നടപടികളും സർക്കാർ വിലയിരുത്തുന്നുണ്ട്.

**ആദിവാസികൾക്ക് നൽകിയ തുകയുടെ വിനിയോഗം**

2 [582] *ശ്രീ. കെ. മുഹമ്മദാലി:*
*ശ്രീമതി മേഴ്സി രവി:*
*ശ്രീ. എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത ആദിവാസികൾക്ക് സർക്കാർ നൽകിയ ഭൂമിയിൽ അവർ സ്ഥിരതാമസം തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ ഭൂമി നൽകിയ ആദിവാസികൾക്ക് കൃഷി, വീട്, കിണർ മുതലായ സൗകര്യങ്ങൾക്കായി എന്ത് തുകവീതം ധനസഹായം നൽകി;

(ഇ) ഈ തുക നിർദ്ദിഷ്ട കാര്യങ്ങൾക്കുതന്നെ വിനിയോഗിച്ചുവോ എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) വിതരണം ചെയ്ത ഭൂമിയിൽ ചില സ്ഥലങ്ങളിൽ ആദിവാസി കുടുംബങ്ങൾ സ്ഥിരതാമസം ആരംഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly